# കോഴിക്കോട് ജില്ലയിൽ തീരദേശ ഹൈവേയുടെ ഭാഗമായി കുഞ്ഞാലി മരക്കാർ പാലം നിർമ്മാണം ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ ആഘാത പഠനം അന്തിമ റിപ്പോർട്ട്




23.01.2021

ചെയർമാൻ
സാമൂഹ്യാഘാത പഠനയൂണിറ്റ്
(കയ്റോസ്, കണ്ണൂർ )

## കോഴിക്കോട് ജില്ലയിൽ തീരദേശ ഹൈവേയുടെ ഭാഗമായി കുഞ്ഞാലി മരക്കാർ പാലം നിർമ്മാണം ഭൂമി ഏറ്റെടുക്കൽ – സാമൂഹ്യ ആഘാത പഠനം അന്തിമ റിപ്പോർട്ട്

കോഴിക്കോട് ജില്ലയിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ ഭാഗമായി കുറ്റ്യാടി പുഴക്ക് കുറുകെ, വടകര, പയ്യോളി മുനിസിപ്പാലിറ്റികളിലെ സാൻഡ് ബാങ്ക്സിനെയും കോട്ടക്കലിനെയും ബന്ധിപ്പിക്കുന്നതിനായുള്ള കുഞ്ഞാലി മരക്കാർ പാലത്തിനു വടകര വില്ലേജിലെ റീ. സ 181/2B, 182/1, 182/2, 182/3, 182/4 എന്നിവയിൽപെട്ട 0.3407 ഹെക്ടർ സ്ഥലവും, ഇരിങ്ങൽ വില്ലേജിലെ റീ. സ 41/1,41/4, 41/5, 41/6, 41/7, 41/8, 42/1, 42/2, 42/3, 42/4, 42/10, 42/11, 42/12, 42/13, 42/14, 42/15, 42/16, 42/17, 42/42, 42/44, 43/11, 43/12, 43/13, 52 എന്നിവയിൽപെട്ട 0.6513 ഹെക്ടറുമടക്കം 0.992 ഹെക്ടർ ഭൂമി 2013 ലെ RFCTLARR ആക്ട് പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപെട്ടു സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് ചുമതലപ്പെട്ട കയ്റോസ് കണ്ണൂർ, പ്രസ്തുത പഠനം നടത്തി തയാറാക്കിയ അന്തിമ റിപ്പോർട്ട്.

### ആമുഖം

കോഴിക്കോട് ജില്ലയിലെ വടകര, പയ്യോളി എന്നീ മുനിസിപ്പാലിറ്റികളിലെ സാൻഡ് ബാങ്ക്സിനെയും കോട്ടക്കലിനെയും ബന്ധിപ്പിക്കുന്നതിനായി കുറ്റ്യാടി പുഴക്ക് കുറുകെ 547 മീറ്റർ നീളത്തിൽ പുതിയ ഒരു പാലം നിർമ്മിക്കുന്നതിനോട് ബന്ധപ്പെടുത്തി ഇരുഭാഗത്തും സ്വകാര്യവ്യക്തികളുടെ ഭൂമി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. നിർദിഷ്ട തീരദേശ ഹൈവേയിൽ 78 കിമി കോഴിക്കോട് ജില്ലയിലാണ്. ഇപ്പോൾ ഇരുവശത്തും താമസിക്കുന്നവർ യാത്രക്കായി കടത്തു തോണിയേയും മൂരാട് പാലത്തിനെയുമാണ് ആശ്രയിക്കുന്നത്. സാധാരണ സമയത്തു പോലും അരമണിക്കൂറിലേറെ ഗതാഗതസ്തംഭനം അനുഭവപ്പെടുന്ന മൂരാട് പാലത്തിൽ, കടുത്ത വാഹനത്തിരക്ക് അനുഭവപ്പെടുന്ന രാവിലെയും വൈകുന്നേരവും മണിക്കൂറുകളോളം ഗതാഗതസ്തംഭനം അനുഭവപ്പെടുന്നു. ഗുരുതരസാഹചര്യത്തിൽ ആശുപത്രിയെയും മറ്റും ആശ്രയിക്കേണ്ടി വരുന്നവർ അനുഭവിച്ചു വരുന്ന ക്ലേശത്തിനു പുറമെ നൂറുകണക്കിന് വാഹനങ്ങൾ ഇരുവശത്തും നിരനിരയായി നിൽക്കുമ്പോളുണ്ടാകുന്ന ഇന്ധനനഷ്ടം അന്തരീക്ഷ മലിനീകരണത്തിനും കാരണമാകുന്നു. ഇതിനു ഒരു ശാശ്വത പരിഹാരമായി ഇരിങ്ങൽ തീരപ്രദേശത്തിലൂടെ വടകര, പയ്യോളി പ്രദേശങ്ങളെ ബന്ധിപ്പിക്കാൻ സാധിച്ചാൽ, പയ്യോളി ഇരിങ്ങൽ പ്രദേശക്കാർക്കു നേരിട്ട് വടകരയിലെത്തിച്ചേരാൻ സാധിക്കും. കൂടാതെ NH66 ലെ മൂരാട് പാലത്തിലൂടെയുള്ള വാഹനത്തിരക്കിന് ഒരു പരിധിവരെ കുറക്കാനും സാധിക്കും. കൂടാതെ ഇരിങ്ങൽ ഭാഗത്തുള്ള സർഗ്ഗാലയ ക്രാഫ്റ്റ് വില്ലേജ്, കുഞ്ഞാലി മരക്കാർ മ്യൂസിയം , കുഞ്ഞാലി



മരക്കാർ ബീച്ച്, കോട്ടക്കൽ ബോട്ടിംഗ് സൗകര്യം, കൊളാവിപാലം ബീച്ച്, വംശനാശം നേരിടുന്ന ഒലിവു റീഡ്‌ലി കടലാമ വളർത്തുകേന്ദ്രം , തിക്കോടി ബീച്ച്, വടകര ഭാഗത്തുള്ള സാൻഡ്ബാങ്ക്സ് എന്നീ പഠന വിനോദ സഞ്ചാരകേന്ദ്രങ്ങളെ ബന്ധിപ്പിക്കാനും അതുവഴി ടൂറിസം മേഖലയ്ക്ക് പുതിയ ഉത്തേജനം നൽകുവാനും സാധിക്കും. മാത്രമല്ല ജില്ലയിലെ തീരദേശ റോഡ് പൂർത്തിയാകുന്നതോടെ ചോമ്പാൽ, കൊയിലാണ്ടി, പുതിയാപ്പ, ബേപ്പൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളെ പരസ്പരം ബന്ധിപ്പിക്കാനും സാധിക്കും. ദേശീയപാത 66ന് സമാന്തരമായി പൂർത്തിയാക്കപ്പെടാൻ പോകുന്ന തീരദേശ റോഡിലേക്ക്, നിലവിലെ ദേശീയപാതയിലെ ഗതാഗതത്തിന്റെ നല്ലൊരു പങ്കു ഗതിമാറ്റാനാകുമെന്നും പ്രതീക്ഷിക്കാം.

കോഴിക്കോട് സാമൂതിരിയുടെ നാവികപ്പട മേധാവിയായിരുന്ന കുഞ്ഞാലി മരക്കാരുടെ അനശ്വരമായ സ്മരണയ്ക്ക് ഉചിതമായ ആദരവ് നൽകുന്ന രീതിയിൽ പടവാളിന്റെ മുകളിലായാണ് പാലം നിർമ്മിതി രൂപകൽപന ചെയ്തിരിക്കുന്നത്.ഇത് വടക്കൻപാട്ടുകളിലൂടെ ജനഹൃദയങ്ങളിൽ ലബ്ധപ്രതിഷ്ഠരായ ഉണ്ണിയാർച്ച, തച്ചോളി ഒതേനൻ തുടങ്ങിയ കടത്തനാടിന്റെ വീര യോദ്ധാക്കളുടെ സ്മരണയും ഉണർത്തുന്ന നിർമ്മിതിയാണിത്. ഈ പാലത്തിന്റെ തെക്കുഭാഗം കുഞ്ഞാലി മരക്കാരുടെ പൗരാണിക ഭവനം സ്ഥിതിചെയ്യുന്ന സ്ഥലത്തായതിനാലാണ് ഈ പാലത്തിനു കുഞ്ഞാലിമരക്കാർ പാലം എന്ന് നാമകരണം ചെയ്തിരിക്കുന്നത്. ഈ ഭവനത്തെ ഒരു മ്യൂസിയമാക്കി മാറ്റി ചരിത്രവിദ്യാർത്ഥികൾക്കും സഞ്ചാരികൾക്കും ഏറെ ആകർഷകമാക്കി മാറ്റാൻ ടൂറിസം വകുപ്പും ശ്രമിക്കുന്നുണ്ട്.

കോഴിക്കോട് സാമൂതിരിയുടെ (1124-1806) നാവികപ്പടയുടെ നായകനായിരുന്ന കുഞ്ഞാലിമരക്കാർമാർ (1507-1600). 1498 ൽ കോഴിക്കോട് കപ്പലിറങ്ങിയ വാസ്കോഡഗാമയുടെ രണ്ടാം വരവ് 1503 ൽ ആയിരുന്നു. ക്രിസ്തുമത പ്രചാരണവും സുഗന്ധവ്യഞ്ജന വ്യാപാരവും ലക്ഷ്യമിട്ടുകൊണ്ട്, ആദ്യഘട്ടത്തിൽ സാമൂതിരിയുമായി നല്ല ബന്ധമായിരുന്നെങ്കിലും താല്പര്യ സംഘട്ടനത്താൽ ഗാമ കൊച്ചി രാജാവുമായി ബന്ധം സ്ഥാപിക്കുന്നു. തുടർന്നുണ്ടായ യുദ്ധങ്ങളിൽ, ഈജിപ്തിൽനിന്നു വ്യാപാരത്തിനായിവന്നു കൊച്ചിയിൽതാമസിച്ച ഇസ്മായിൽ മരക്കാർ സ്വകാര്യമായി സാമൂതിരിയെ സഹായിച്ചു, തുടർന്നുണ്ടായ പ്രശ്നങ്ങളെ

തുടർന്ന് കൊച്ചിവിട്ടു പൊന്നാനിയിലെത്തിയ മരക്കാരെ തുടർന്നും ഉപദ്രവിച്ചുപോന്നു. ഇതിനുശേഷം കോട്ടക്കലിലെത്തിയ മരക്കാർകുടുംബത്തിലെ കുട്ടി അഹമ്മദ് അലിയെ കുഞ്ഞാലി മരക്കാർ എന്ന ആചാരപ്പേരു നൽകി കപ്പൽപ്പടയുടെ നായകനാക്കി സാമൂതിരി അവരോധിക്കുന്നു. കുഞ്ഞാലി മരക്കാർ I (1520 – 1531) കുഞ്ഞാലി മരക്കാർ II (1531-1571) കുഞ്ഞാലി മരക്കാർ III (1571 – 1595) കുഞ്ഞാലി മരക്കാർ IV (1595 – 1600) ഗറില്ലാ തന്ത്രത്തിലൂടെ പോർട്ടുഗീസുകാരെ വിറപ്പിച്ച കുഞ്ഞാലി മരക്കാർമാരിൽ നാലാമത്തെ കുഞ്ഞാലിയെ, പോർട്ടുഗീസ് കുതന്ത്രത്തിൽപെട്ട് സാമൂതിരി ഒറ്റികൊടുക്കുകയും തുടർന്നു വധിക്കപ്പെടുകയും ചെയ്തു. ധീര യോദ്ധാക്കളായ മരക്കാർമാരുടെ ചരിത്രം വടക്കൻ മലബാറിലെ മുസ്ലിം സമൂഹം ഇന്നും വീരാരാധനയോടെ താലോലിച്ചുവരുന്നു. ഈ മരക്കാർമാരുടെ സ്മരണയാണ് പാലത്തിനു കുഞ്ഞാലി മരക്കാർ പാലം എന്ന് നൽകി സർക്കാരും ഉചിതമായി ആദരിക്കുന്നത്.

## ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം

നിർദിഷ്ടട കുഞ്ഞാലി മരക്കാർ പാലത്തിന്റെ സമീപന റോഡുകൾക്കായി വടകരഭാഗത്തു വടകര വില്ലേജിലെ വിവിധ സർവ്വേനമ്പറുകളിലായി 0.3407 ഹെക്ടർ ഭൂമിയും ഇരിങ്ങൽ വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽപെട്ട 0.6513 ഹെക്ടർ ഭൂമിയുമാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. ആയതു സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| ക്രമനമ്പർ | വില്ലേജ് | സർവേനമ്പർ | വിസ്തീർണ്ണം |
|---|---|---|---|
| 1 | വടകര | 181/2B, 182/1,182/2, 182/3, 182/4 | 0.3407 ഹെക്ടർ |
| 2 | ഇരിങ്ങൽ | 41/1, 41/4, 41/5, 41/6, 41/7, 41/8, 42/1, 42/2, 42/3, 42/4, 42/10, 42/11, 42/12, 42/13, 42/14, 42/15, 42/16, 42/17, 42/42, 42/44, 43/11, 43/12, 43/13, 52 | 0.6513 ഹെക്ടർ |
| | | **ആകെ** | **0.9920 ഹെക്ടർ** |



## പകരം ഭൂമി ലഭ്യത

കോഴിക്കോട് ജില്ലയിലൂടെകടന്നു പോകുന്ന തീരദേശ ഹൈവേ റോഡ് യാഥാർഥ്യമാകുന്നതിന്റെ ഭാഗമായാണ് കുറ്റിയാടി പുഴയ്ക്കു കുറുകെ കുഞ്ഞാലി മരക്കാർ പാലം നിർമ്മിക്കപ്പെടുന്നത്. പാലത്തിലെ വടക്കു ഭാഗം വടകര



വില്ലേജിലെ സാൻഡ് ബാൻക്സിന് സമീപത്തായാണ്. വളരെക്കുറച്ചു മാത്രം സ്വകാര്യഭൂമിയാണ് ഇവിടെ ആവശ്യമായി വരുന്നത്. നിലവിൽ സാൻഡ്ബനക്സിലേക്കുള്ള ഈ റോഡിൽനിന്ന് പുഴക്കര വരെ മാത്രമേ സ്ഥലം ആവശ്യമായി വരുന്നുള്ളു. പാലത്തിന്റെ സമീപന റോഡിനായതിനാൽ തന്നെ പകരം ഭൂമി ലഭ്യത പരിഗണിക്കാൻ പ്രയാസമാണ്.

അതുപോലെതന്നെ പാലത്തിന്റെ തെക്കുഭാഗം ഇരിങ്ങൽ വില്ലേജിൽപെട്ട കോട്ടക്കൽ ഭാഗത്താണ് ഇപ്പോൾ അടയാളപ്പെടുത്തിയ ഭൂമി, പുഴക്ക് സമാന്തരമായി നിർമ്മിച്ച കരിങ്കൽ ഭിത്തിക്ക് സമാന്തരമായാണ്. വളരെക്കുറച്ചു നാശനഷ്ടങ്ങൾ മാത്രമേ ഇവിടെ ഉണ്ടാകുന്നുള്ളൂ. തീരദേശ റോഡിനും പാലത്തിനുമായതിനാൽ തന്നെ പകരം ഭൂമി ലഭ്യത എന്നത് പരിഗണിക്കപ്പെടേണ്ടതില്ല.

## ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ?

നിർദിഷ്ട തീരദേശ ഹൈവേ യാഥാർഥ്യമാക്കുന്നതിന്റെ ഭാഗമായി വടകര, ഇരിങ്ങൽ വില്ലേജുകളെ ബന്ധിപ്പിക്കുന്നതിനു കുറ്റ്യാടി പുഴക്ക് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന കുഞ്ഞാലി മരക്കാർ പാലത്തിന്, പാലത്തിന്റെ ഇരു ഭാഗത്തുമായി വടകര വില്ലേജിൽ വ്യത്യസ്ത സർവേനമ്പറുകളിലായി 0.3407 ഹെക്ടർ ഭൂമിയും ഇരിങ്ങൽ വില്ലേജിലെ വ്യത്യസ്ത സർവേനമ്പറുകളിലായി 0.6513 ഹെക്ടർ ഭൂമിയുമാണല്ലോ, ഏറ്റെടുക്കേണ്ടിവരുന്നത്. ഈ ഭൂമി ഏറ്റെടുത്തു നൽകാനുള്ള അർത്ഥനാധികാരി പൊതുമരാമത്തു വകുപ്പ് (ദേശീയപാത വിഭാഗം ) എക്സിക്യൂട്ടീവ് എൻജിനീയറാണ്. സർക്കാരിനുവേണ്ടി ദേശീയപാതയുമായി ബന്ധപെട്ടു റോഡുകളും ആവശ്യമായ പാലങ്ങളും നിർമ്മിക്കുന്നതിന് നേതൃത്വം വഹിക്കുന്ന സർക്കാർ വകുപ്പാണിത്. ഈ ഭൂമി ഏറ്റെടുത്തു അർത്ഥനാധികാരിക്ക് നൽകാൻ ഉത്തരവാദിത്തം ജില്ലാ

ഭരണാധികാരിയായ കളക്ടറിൽ നിക്ഷിപ്തമാണ്. ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നത് കിഫ്ബിയാണ്.

കേരളത്തിലെ ഒമ്പത് തീരദേശജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള, മഞ്ചേശ്വരം മുതൽ പൂവാർ വരെ നീളുന്ന 623 കിമി തീരദേശ ഹൈവേ തീരദേശ നിവാസികൾക്കും മത്സ്യ മേഖലയ്ക്കും പ്രത്യേകമായി ഗുണകരമാണെങ്കിലും, നിലവിലുള്ള ദേശീയപാതയിലൂടെയുള്ള ഗതാഗതത്തിന്റെ സാന്ദ്രതകുറക്കാൻ ഒരു പരിധിവരെ സാധിക്കും എന്നുള്ളത് ഏറെ പ്രധാനമാണ്. വടകര, ഇരിങ്ങൽ ഭാഗത്തെ മാത്രം നോക്കുകയാണെങ്കിൽ, മൂരാട് പാലത്തിൽ ഹോമിക്കപെടുന്ന വിലയേറിയ സമയത്തെ സൃഷ്ടിയുന്മുഖമായി വിനിയോഗിക്കാൻ പ്രദേശവാസികളെ പ്രാപ്തരാക്കും എന്നതിൽ തർക്കമില്ല. അതിനാൽത്തന്നെ ഈ നിർമ്മിതി, ഈ പ്രദേശത്തുകാരുടെ മാത്രമല്ല ദേശീയപാതയെ ആശ്രയിക്കുന്ന മുഴുവൻ ജനസമൂഹത്തിനും ഏറെ ഉപകാരപ്രദമാണ്. കൂടാതെ വടകര, ഇരിങ്ങൽ മേഖലയിലെ ടൂറിസം കേന്ദ്രങ്ങളെ ആഭ്യന്തര, വിദേശ സഞ്ചാരികൾക്ക് പരിചയപെടുത്തുകവഴി, ഇവിടേയ്ക്ക് ആകർഷിക്കാനും അതുവഴി തൊഴിൽ, സാമ്പത്തിക ഉത്തേജനത്തിനു ഗതിവേഗം ഉണ്ടാവുകയും ചെയ്യും. ഇവിടുത്തെ മത്സ്യ പ്രജനനകേന്ദ്രങ്ങൾ, കോറലുകൾ, കണ്ടൽ കാടുകൾ എന്നിവയും ജനശ്രദ്ധയിലെത്തിക്കാം. പൊതുവെ നോക്കുകയാണെങ്കിൽ ഈ പാലംനിർമ്മാണവും ഭൂമി ഏറ്റെടുക്കലും പൊതു ആവശ്യത്തിന് തന്നെയാണെന്ന് വ്യക്തമാകുന്നു.

## ഭൂമിയുടെ സ്വഭാവം

തീരദേശ ഹൈവേയ്ക്കായി, കുഞ്ഞാലി മരക്കാർ പാലത്തിന്, കുറ്റിയാടി പുഴയുടെ ഇരുവശത്തുമായാണ് സ്ഥലം ഏറ്റെടുക്കപെടേണ്ടിവരുന്നത്. വടകര താലൂക്കിൽ, വടകര വില്ലേജിൽ, വിവിധ സർവേനമ്പറുകളിലായി 0.3407



ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കപെടുന്നത്. ഇതിൽ സ്വകാര്യ ഭൂമിയോടൊപ്പം സർക്കാർ ഭൂമിയും പെടുന്നുണ്ട്. പൊതുവെ തോട്ടം വിഭാഗത്തിലാണ് ഇത് പെടുന്നത്. ഡിടിപിസിയുടെ അധീനതയിലുള്ള സാൻഡ്ബാങ്ക്സ് റോഡിൽ വടകര തീരദേശ പോലീസ് സ്റ്റേഷൻ മതിലിനുള്ളിൽ 0/200 എന്ന നമ്പർ കുറ്റി സ്ഥാപിച്ചിട്ടുണ്ട്. തുടർന്ന് സാൻഡ്ബാങ്ക്സിന്റെ മതിലിന്റെ

കുറച്ചുഭാഗത്തിലൂടെ സ്വകാര്യഭൂമിയിലൂടെ പുഴക്കരയിലെത്തുന്ന ഭൂമിയാണ്. പുഴയോട് ചേർന്ന പറമ്പിൽ 25 ഓളം കായ്ക്കുന്ന തെങ്ങുകളും കാറ്റാടിയും ബദാം മരവും അരയാലും ഉണ്ട്. കാടുപിടിച്ചുകിടന്നിരുന്ന സ്ഥലമായിരുന്നെങ്കിലും, സമീപകാലത്തായി ഇത് വെട്ടിത്തെളിച്ചിട്ടുണ്ട്.

## ഭൂമിയുടെ ഉടമസ്ഥർ

വടകര ഭാഗത്തെ ഭൂവുടമകളുടെ വിവരം. ഇവിടെ വിവിധ സർവേ നമ്പറുകളിലായി 0.3407 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കപ്പെടേണ്ടത്.

| ക്രമനമ്പർ | സർവേനമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം |
|---|---|---|---|
| 1 | 181/2B | അനിത<br>സജിത<br>അനൂപ് കുമാർ<br>(കുഞ്ഞിക്കണ്ണൻ മക്കൾ) | **0.3407 ഹെക്ടർ** |
| 2 | 182/1<br>182/2<br>182/3<br>182/4 | സഫീന റഹീം<br>റഹീം<br>ദീദ<br>ആനന്ദ്രാജ്<br>പ്രഭാകരൻ<br>ഗ്രാസിം ഇൻഡസ്ട്രീസ്,മാവൂർ | |

അതുപോലെത്തന്നെ നിർദിഷ്ടപാലത്തിന്റെ തെക്കുഭാഗം കൊയിലാണ്ടി താലൂക്കിലുള്ള ഇരിങ്ങൽ അംശത്തിൽ കോട്ടക്കൽ ഭാഗത്താണ്. ഇത് പുഴഭിത്തിയോട് ചേർന്ന് കിടക്കുന്ന തോട്ടം ഭൂമിതന്നെയാണ്. ഇതിൽ നല്ല കായ്ഫലമുള്ള തെങ്ങുകളാണുള്ളത്. വിവിധ സർവേനമ്പറുകളിലായി 0.6513 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. ഭൂമിയുടെ ഉടമസ്ഥരുടെ വിവരം താഴെ കാണിച്ചിരിക്കുന്നു

| ക്രമനമ്പർ | സർവേനമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം |
|---|---|---|---|
| 1. | 41/1, 4,5,6,7,8 | രഘു<br>സതീശൻ<br>സുശീല | |

| | | | |
|---|---|---|---|
| | | ബിനു<br>റാഫി<br>അന്ത്രുമാൻ | |
| 2. | 42/1,2,3,4,10,11,12,13,14,15,16,<br>17,42,44 | അബ്ദുറഹിമാൻ<br>കമല<br>നാണു<br>സുരേന്ദ്രൻ<br>മനോജ്<br>ചന്ദ്രൻ<br>സുനീതി<br>ജാനു<br>ചന്ദ്രിക<br>രവീന്ദ്രൻ<br>മമ്മദ് കോയ<br>ചെറിയ ഗോപാലൻ<br>ചന്ദ്രൻ<br>വിപിൻ കുമാർ | **0.6513<br>ഹെക്ടർ** |
| 3. | 43/11,12,13 | നസീമ<br>ശബാന<br>ഷാന<br>അഫ്ലാന<br>റിസ്വാന<br>വിശ്വനാഥൻ<br>അബ്ദുൽ ലത്തീഫ്<br>ഹയറുന്നീസ<br>റസാഖ്<br>ഹമീദ | |
| 4. | 52 | ബാബു<br>(കുഞ്ഞികണാരൻ<br>മകൻ ) | |



**<u>കൃഷികൾ</u>**

നിർദിഷ്ട കുഞ്ഞാലിമരക്കാർ പാലം നിർമ്മിതിയുമായി ബന്ധപെട്ടു കുറ്റ്യാടി പുഴയുടെ ഇരുവശത്തുമായി വടകര, ഇരിങ്ങൽ എന്നീ വില്ലേജുകളിലെ സ്ഥലമാണ് ഏറ്റെടുക്കപ്പെടേണ്ടിയിരിക്കുന്നത്. ഇതിൽ വടകര ഭാഗത്ത്, നിലവിലുള്ള സാൻഡ്ബാങ്ക് റോഡിനും

പുഴയോരത്തിനും ഇടയിലായിക്കിടക്കുന്ന റീ. സ 182/1, 2, 3, 4 എന്നീ സർവേ നമ്പറുകളുള്ള സ്ഥലത്ത് സാമാന്യം കായ്ഫലമുള്ള 25 തെങ്ങുകളാണ് ഉള്ളത്. ഇതിൽ നാല് തെങ്ങുകൾ തീരദേശ പോലീസ് സ്റ്റേഷന്റെ എതിർവശത്തുള്ള അനൂപിന്റെ സ്ഥലത്തും രണ്ടു തെങ്ങുകൾ റഹീമിന്റെ സ്ഥലത്തും രണ്ടു തെങ്ങുകൾ പ്രഭാകരന്റെ സ്ഥലത്തും ബാക്കിയുള്ളവ ഗ്രാസിം ഇന്ടസ്ട്രിസിന്റെ അധീനതയിലുള്ള സ്ഥലത്തുമാണ്. ഇവകൂടാതെ ഒരു കാറ്റാടി മരവും, ബദാം മരവും അരയാലും ഉണ്ട്.



അതുപോലെതന്നെ മറുഭാഗത്ത് ഇരിങ്ങൽ വില്ലേജിലെ കോട്ടക്കൽ പ്രദേശത്ത് സർവേ ന: 41/1 മുതൽ 52 വരെയുള്ള സ്ഥലം പുഴഭിത്തിക്ക് സമാന്തരമായിട്ടുള്ളതും 30 ഓളം പേരുടെ കൈവശത്തിലുള്ള ചെറിയ ചെറിയ തുണ്ടുഭൂമികളാണ്. ഇത് അവരുടെ താമസസ്ഥലവുമായി ചേർന്ന് കിടക്കുന്ന സ്ഥലമാണ്. മൊത്തമായി ഈ പ്രദേശത്തു കായ്ഫലമുള്ള 201 തെങ്ങുകളും കായ്ഫലമില്ലാത്ത 10 തെങ്ങുകളും ഓരോ ബദാം അക്കേഷ്യ മരങ്ങളുമാണുള്ളത്. ഈ പറമ്പിലുള്ള തെങ്ങുകളെ കൃഷി എന്ന നിർവചനത്തിൽ ഉൾപ്പെടുത്താൻ പറ്റില്ല.

## സ്ഥാപനങ്ങൾ



സമീപന റോഡിനായി, വടകര ഭാഗത്ത് സാൻഡ്ബാങ്ക്സ് തീരദേശ റോഡിൻറെ പടിഞ്ഞാറു വശത്തായി വടകര തീരദേശ പോലീസ് സ്റ്റേഷൻ കെട്ടിടമാണ്. പോലീസ് സ്റ്റേഷനെ സ്ഥലമെടുപ്പ് ബാധിക്കുന്നില്ല എങ്കിലും, റോഡിനു സമാന്തരമായി ഏകദേശം 1

മീറ്റർ വീതിയിൽ മതിലിനുള്ളിലുള്ള സ്ഥലം അടയാളപ്പെടുത്തിയിട്ടുണ്ട് (0/200) സ്റ്റേഷൻ മതിൽ പൂർണമായും പൊളിച്ചു മാറ്റേണ്ടിവരും. അതുപോലെതന്നെ കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൻറെ VB/VP/161 )o നമ്പർ 100KVA ട്രാൻസ്ഫോർമർ സ്ഥിതിചെയ്യുന്നു. ഇത് മാറ്റിസ്ഥാപിക്കേണ്ടതായി വരും. റോഡിൻറെ കിഴക്കുഭാഗത്തായി, പ്രവർത്തിക്കാത്ത ഒരു ഐസ്പ്ലാന്റ് കെട്ടിടമുണ്ട്. ഈ കെട്ടിടത്തെ നേരിട്ട് ബാധിക്കാനിടയില്ല.

**ഇരിങ്ങൽ ഭാഗം-** അതുപോലെ ഇരിങ്ങൽ അംശം കോട്ടക്കൽ ഭാഗത്ത്, അടയാളപ്പെടുത്തപ്പെട്ട സ്ഥലത്തു സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ രവി, രഘു എന്നിവരുടെ വീടിനോടു ചേർന്നാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ചോയിമകൻ രവി, കുറ്റിയടിക്കാൻ അനുവദിച്ചിട്ടില്ല എന്നറിയാൻ സാധിച്ചു. അതേപോലെതന്നെ മുനമ്പത്തു താഴെ രഘുവിന്റെ സ്ഥലം എത്രയാണ് ഏറ്റെടുക്കുന്നത് അറിയില്ല എന്നഭിപ്രായപെട്ടു.

## സാമൂഹ്യ ആഘാത പഠന യൂണിറ്റിന്റെ ഘടന

കോഴിക്കോട് ജില്ലയിലെ വടകര, കൊയിലാണ്ടി എന്നി താലൂക്കുകളിലെ വടകര, ഇരിങ്ങൽ വില്ലേജുകളിലെ റീ. സ 181/2B, 182/1, 182/2, 182/3, 182/4 എന്നിവയിൽപെട്ട 0.3407 ഹെക്ടർ സ്ഥലവും, റീ. സ 41/1,41/4, 41/5, 41/6, 41/7, 41/8, 42/1, 42/2, 42/3, 42/4, 42/10, 42/11, 42/12, 42/13, 42/14, 42/15, 42/16, 42/17, 42/42, 42/44, 43/11, 43/12, 43/13, 52 എന്നിവയിൽപെട്ട 0.6513 ഹെക്ടറുമടക്കം 0.992 ഹെക്ടർ ഭൂമി, കുഞ്ഞാലി മരക്കാർ പാലത്തിനു അനുബന്ധറോഡ് നിർമ്മാണത്തിനായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സാമൂഹ്യാഘാതങ്ങളെക്കുറിച്ചു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നതു കണ്ണൂർ ബർണശ്ശേരി ആസ്ഥാനമായി കഴിഞ്ഞ 20 വർഷമായി പ്രവർത്തിച്ചുവരുന്ന Track A NGOആയ കയ്റോസ് (Kannur Association for Integrated Rural Organization and Support) കണ്ണൂരിനെയാണ്. ഈ ചുമതല നല്കപ്പെട്ടിരിക്കുന്നതു കോഴിക്കോട് ജില്ലാ കളക്ടറുടെ .11.2020 ലെ DCKKD/1595/2020/B-1 നടപടിക്രമപ്രകാരമാണ്. ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം 2020 നവംബർ 04 )o തീയ്യതിയിലെ 2644 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് . പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | ഫാ.ഷൈജു പീറ്റർ (സോഷ്യോളജിസ്റ്) | ചെയർമാൻ |

| | | |
|---|---|---|
| 2 | ശ്രീ. കെ.വി.ചന്ദ്രൻ ( റിട്ട.ഫിഷറീസ് ഡവ. ഓഫീസർ) | അംഗം |
| 3 | ശ്രീമതി. ജെസി റജി (ഡി.ടി.പി. ഓപ്പറേറ്റർ ) | അംഗം |
| 4 | ശ്രീ. പ്രസാദ് | ഓഫിസ് അസിസ്റ്റന്റ് |

## പഠനോപാധികൾ

കോഴിക്കോട് ജില്ലയിലെ വടകര, കൊയിലാണ്ടി എന്നി താലൂക്കുകളിലെ വടകര, ഇരിങ്ങൽ വില്ലേജുകളിലെ റീ. സ 181/2B, 182/1, 182/2, 182/3, 182/4 എന്നിവയിൽപെട്ട 0.3407 ഹെക്ടർ സ്ഥലവും, റീ. സ 41/1,41/4, 41/5, 41/6, 41/7, 41/8, 42/1, 42/2, 42/3, 42/4, 42/10, 42/11, 42/12, 42/13, 42/14, 42/15, 42/16, 42/17, 42/42, 42/44, 43/11, 43/12, 43/13, 52 എന്നിവയിൽപെട്ട 0.6513 ഹെക്ടറുമടക്കം 0.992 ഹെക്ടർ ഭൂമി, കുഞ്ഞാലി മരക്കാർ പാലത്തിനു അനുബന്ധറോഡ് നിർമ്മാണത്തിനായി ഏറ്റെടുക്കപെടുന്നത്. ഇതിൽ സ്വകാര്യ വ്യക്തികളുടെ ഭൂമിയും സർക്കാർഭൂമിയും ഉൾപ്പെടുന്നു. സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനായി Participatory observation, Beneficiary Assessment, Participatory Rural Appraisal എന്നീ പഠനോപാധികളെയാണ് അവലംബിച്ചിരിക്കുന്നത്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം മുഴുവൻ സന്ദർശിച്ച്, ഉടമകൾ ഉള്ള സ്ഥലങ്ങളിൽ അവരുമായി ആശയ വിനിമയം നടത്തിയുമാണ് പഠനം നടത്തിയിരിക്കുന്നത്. തീരദേശഹൈവെയുടെ പ്രാധാന്യത്തെക്കുറിച്ചു വ്യക്തമായ ധാരണ ഇരിങ്ങൽ കോട്ടക്കൽ ഭാഗത്തെ ഉടമകൾക്ക് ഉണ്ട്. എന്നാൽ വടകര വില്ലേജിലെ സ്വകാര്യസ്ഥലം ഉടമകളെ ആരെയും കാണാൻ സാധിച്ചിട്ടില്ല. അവർ ഇവിടെ താമസമില്ല. അതുകൊണ്ടുതന്നെ പൊതു അവകാശവാദയോഗ സമയത്ത്, കൂടുതൽ വിവരശേഖരണം നടത്താൻ സാധിക്കുകയും ചെയ്യും.



## പൊതുഅവകാശവാദം കേൾക്കൽ

കോഴിക്കോട് ജില്ലയിലെ വടകര, കൊയിലാണ്ടി എന്നി താലൂക്കുകളിലെ വടകര, ഇരിങ്ങൽ വില്ലേജുകളിലെ റീ. സ 181/2B, 182/1, 182/2, 182/3, 182/4 എന്നിവയിൽപെട്ട 0.3407 ഹെക്ടർ സ്ഥലവും, റീ. സ 41/1,41/4, 41/5, 41/6, 41/7, 41/8, 42/1, 42/2, 42/3, 42/4, 42/10, 42/11, 42/12, 42/13, 42/14, 42/15, 42/16, 42/17, 42/42, 42/44,

43/11, 43/12, 43/13, 52 എന്നിവയിൽപ്പെട്ട 0.6513 ഹെക്ടറുമടക്കം 0.992 ഹെക്ടർ ഭൂമി, കുഞ്ഞാലി മരക്കാർ പാലത്തിനു അനുബന്ധറോഡ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതുമായി ബന്ധപെട്ടു, നിയമത്തിലും ചട്ടങ്ങളിലും അനുശാസിക്കുന്ന രീതിയിലുള്ള, തല്പരകക്ഷികളുടേയും സ്ഥലമുടമകളുടെയും ഒരു പൊതുകേൾക്കൽയോഗം 7.12.2020 തിങ്കളാഴ്ച രാവിലെ 11:30 ന് ഇരിങ്ങൽ ആത്മവിദ്യാമന്ദിർ ഹാളിൽ വച്ച് നടത്തി. ഇത് സംബന്ധിച്ച അറിയിപ്പ് 20.11.2020 തീയ്യതിയിലെ കേരളകൗമുദി, സുദിനം എന്നീ ദിന പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച അറിയിപ്പിന്റെ പകർപ്പുകൾ ഭൂവുടമകൾക്കും അയച്ചിരുന്നു. കൂടാതെ എക്സി. എൻജിനീയർ PWD(NH) കോഴിക്കോട്, ഡെ: കളക്ടർ (LA) കോഴിക്കോട് ,സ്പെ. തഹസിൽദാർ (LA KIIFB) കോഴിക്കോട്, സെക്രട്ടറി വടകര മുൻസിപ്പാലിറ്റി, പയ്യോളി മുൻസിപ്പാലിറ്റി, വില്ലജ് ഓഫീസർ വടകര, ഇരിങ്ങൽ എന്നിവർക്കും അയച്ചുകൊടുത്തിരുന്നു. യോഗത്തിൽ ദേശീയപാത അസി.എൻജിനീയറും, ഓവർസീയേറും അടക്കം 26 പേർ ഹാജരായിരുന്നു. യോഗത്തിൽ ഉയർന്നുവന്ന നിർദേശങ്ങൾ അർത്ഥനാധികാരിയായ എക്സി. എൻജിനീയർ PWD ദേശീയപാത വിഭാഗത്തിന്റെ അഭിപ്രായത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. അവ താഴെ കാണിക്കുന്നു.

1. **ശ്രീ വിനൂപ് (രവീന്ദ്രൻ മകൻ , ഭൂവുടമ) കോട്ടക്കൽ ഭാഗം**

തീരദേശ റോഡ് തീരദേശത്തു കൂടി തന്നെ പോകണം. കൊളാവി പാലത്തിന്റെ അടുത്തുനിന്നു 90° കോട്ടക്കൽ ഭാഗത്തേക്ക് വളച്ചാണ് മാർക്ക് ചെയ്തിരിക്കുന്നത്. ചില ഭൂവുടമകളുടെ താല്പര്യമാണ് ഇതിനു പിന്നിലെന്ന് സംശയിക്കുന്നു. സംരക്ഷണ ഭിത്തിക്ക് പുറത്തുതന്നെ ഇതിനു സൗകര്യമുണ്ട്. കടലാമ കുഞ്ഞുങ്ങളുടെ ഹാച്ചറിയെ ഇത് ഒരുതരത്തിലും ബാധിക്കുന്നതല്ല. എൻറെ വീടിനോടു ചേർന്ന് മാർക്ക് ചെയ്തതിനാൽ വീട് നഷ്ടപ്പെടും. അതിനാൽ ഇതിലൂടെ റോഡ് വരാൻ താല്പര്യമില്ല. .

2. **ശ്രീ സജീഷ് കുമാർ (ഭൂവുടമ) കോട്ടക്കൽ ഭാഗം**

കൊളാവി പാലത്തിനു സമീപമുള്ള ആമ വളർത്തൽ കേന്ദ്രത്തിന് ആഘാതമുണ്ടാക്കാതെ തന്നെ തീരദേശ ഹൈവേ നിർമ്മിക്കാൻ പറ്റും. അവിടെ ഒരു ഓഫീസ് ഉണ്ട്. ഈ ഓഫീസും, ആമ മുട്ടയിടുന്ന സ്ഥലവും രണ്ടു ഭാഗത്താണ്. ഓഫീസ് ഭിത്തിയുടെ ഉൾഭാഗത്തും, മുട്ടയിടുന്നത് കടൽത്തീരത്തുമാണ്.

3. **ശ്രീ പ്രകാശൻ കെ.പി (ഭൂവുടമ) കോട്ടക്കൽ ഭാഗം**

തീരദേശ റോഡ് നിർമ്മാണത്തിന്, തീരദേശത്തുകൂടെ ഒരു തരത്തിലും ഭൂമി ലഭിക്കില്ല എങ്കിൽ മാത്രമേ മറ്റു മാർഗങ്ങൾ സർക്കാർ സ്വീകരിക്കാവൂ.

4. **ശ്രീ രഘുനാഥൻ (ഭൂവുടമ) കോട്ടക്കൽ ഭാഗം**

15 വർഷമായി താമസിച്ചുവരുന്ന വീട് പൂർണമായും ഇല്ലാതാകും (ആകെ 11 സെൻറ് സ്ഥലം) അതിനാൽ ഞാൻ ഈ പദ്ധതിക്ക് എതിരാണ്. വീടിനോട് ചേർന്ന് കുറ്റിയടിച്ചിട്ടുണ്ട്. അതിനാൽ എന്റെ വീടിന് തകരാർ ഉണ്ടാകും. ഏറ്റെടുക്കുകയാണെങ്കിൽ മുഴുവനായും ഏറ്റെടുക്കണം.

5. **ശ്രീ രവീന്ദ്രൻ കടവത്ത് കാട്ടിൽ, കോട്ടക്കൽ ഭാഗം**

എന്റെ വീടും സ്ഥലവും നഷ്ടപ്പെടും. ഞാൻ ഇവിടെ 47 വർഷമായി താമസിച്ചുവരുന്നു. വീടിന്റെ പിറകിൽ രണ്ടു ഭാഗത്തായി കണ്ടൽ കാടുകളും ഉണ്ട്. (പുഴയുടെ കിഴക്കുഭാഗം) എന്റെ സ്ഥലത്ത് അടയാളപ്പെടുത്തുകയാണെങ്കിൽ തനിക്കിവിടെ താമസിക്കാൻ പറ്റില്ല. ഞാൻ ഈ പദ്ധതിയോടു യോജിക്കുന്നില്ല.

6. **ശ്രീ നാണു (സ്ഥലം ഉടമ ) കോട്ടക്കൽ ഭാഗം**

വീടിന്റെ 1/2 മീറ്റർ അകലെയാണ് കുറ്റിയടിച്ചിരിക്കുന്നത്. ഇതിലൂടെ ഹൈവേ വരികയാണെങ്കിൽ എനിക്ക് താമസിക്കാൻ പ്രയാസം ഉണ്ടാകും. ഞാനും ഭാര്യയും മാത്രം താമസിക്കുന്നു. വാർധക്യ സഹജമായ അസുഖം കാരണം മറ്റൊരു സ്ഥലത്തേക്ക് മാറിത്താമസിക്കാൻ പ്രയാസമാണ്.

7. **ശ്രീ സതീശൻ (മണൽ വാരൽ തൊഴിലാളി ) കോട്ടക്കൽ ഭാഗം**

വടകര പോർട്ടിന്റെ കീഴിൽ മണൽ വാരൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 324 കുടുംബങ്ങൾ ഉണ്ട്.ഇതോടൊന്നിച്ചു ആയിരകണക്കിന് അനുബന്ധ തൊഴിൽ ചെയ്യുന്നവരുമുണ്ട്. നിലവിലുള്ള മാർഗത്തിലൂടെ നിർദിഷ്ട പാലം വരികയാണെങ്കിൽ ഇവർക്ക് തൊഴിൽ നഷ്ടപ്പെടും. എന്നാൽ കൊളാവിപാലത്തിനടുത്ത വളവു ഒഴിവാക്കി കോട്ടപ്പുറം സാൻഡ്ബാങ്ക് റോഡ് പാലം നിർമ്മിച്ചാൽ ഈ പ്രയാസം ഒഴിവാക്കാം.

8. **ശ്രീ റാഫി ഒ.പി (ഭൂവുടമ ) കോട്ടക്കൽ ഭാഗം**

വീടിന് അല്പം അകലെ കുറ്റിയടിച്ചിട്ടുണ്ട്. റോഡ് വന്നാൽ എന്റെ വീടിന് തകരാർ ഉണ്ടാകും. രണ്ടുവർഷം മാത്രം പഴക്കമുള്ള വീടാണ്.

9. **ശ്രീമതി ശ്രീജ പവിത്രൻ.(ഭൂവുടമ) കോട്ടക്കൽ ഭാഗം**

വീടിന് ചേർന്നാണ് സ്ഥലം പോകുന്നത്. അതിനാൽ തന്നെ ഈ പദ്ധതിയോടു എനിക്കോ കുടുംബത്തിനോ തീരെ താല്പര്യമില്ല.

10. **ശ്രീ വിശ്വനാഥൻ കൂളിക്കന്റവിടെ, കോട്ടക്കൽ ഭാഗം**

വീടിന് പിൻഭാഗത്തുകൂടിയാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. സാൻഡ് ബാങ്ക്സ് - കോട്ടക്കടപ്പുറം അലൈൻമെന്റാണെങ്കിൽ ലാൻഡിംഗ് സർക്കാർ ഭൂമിയിൽത്തന്നെ ആയിരിക്കും.

11. ശ്രീ കടവത്ത് കാട്ടിൽ ചന്ദ്രൻ, കോട്ടക്കൽ ഭാഗം

എനിക്ക് 29 സെൻറ് സ്ഥലം നഷ്ടപ്പെടും. ഈ പറമ്പിൽ നിന്നുള്ള വരുമാനമാണ് മുഖ്യമായത്. തൊട്ടടുത്തുതന്നെയുള്ള മൂരാട് പാലം നിർമ്മിക്കുമ്പോൾ നൽകിയ സാമ്പത്തീക പാക്കേജിനെക്കാൾ ഉയർന്ന വില ഞങ്ങൾക്ക് ലഭിക്കണം. എന്നാൽ മാത്രമേ സ്ഥലം വിട്ടുനൽകാൻ തയാറാകു. ഞങ്ങളുടെ തെങ്ങുകൾക്കു നല്ല വില ലഭിക്കണം.

12. ശ്രീ കടവത്ത് കാട്ടിൽ ചെറിയ ഗോപാലൻ, കോട്ടക്കൽ ഭാഗം

എനിക്ക് ഇവിടെ ആകെ 20 സെൻറ് സ്ഥലമാണുള്ളത്. ഇതിൽ ഏകദേശം 6 സെന്റാണ് എടുക്കപ്പെടുക. എനിക്ക് രണ്ടു പെൺകുട്ടികളാണ്. എന്റെ സ്ഥലത്തിന് ഹൈവേക്ക് നൽകുന്ന വില ലഭിക്കണം.

13. ശ്രീ കടവത്ത് കാട്ടിൽ നാണു,സുനീതി, കമല,സുരേന്ദ്രൻ, കോട്ടക്കൽ ഭാഗം

സ്ഥലം ഏറ്റെടുക്കപെടുന്നതിൽ ഏറെ ബുദ്ധിമുട്ടുണ്ട്. ഹൈവേക്കു വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ നൽകിയ നഷ്ടപരിഹാരം നൽകാൻ നടപടിയുണ്ടാകണം.



14. ശ്രീ ജയബാലൻ (A.O ഗ്രാസിം ഇൻഡസ്ട്രീസ്,മാവൂർ ) ഇരിങ്ങൽ ഭാഗം

182/4 ൽ മൊത്തം 1.5 ഏക്കർ ഭൂമിയാണുള്ളത്. ഇതിന്റെ ഒരു ഭാഗം അതായത് 40 സെൻറ് സ്ഥലമാണ് സർവ്വേ ചെയ്തു കുറ്റിയടിച്ചിരിക്കുന്നത്. ഈ പ്രക്രിയ നടക്കുമ്പോഴോ, നടത്തിക്കഴിഞ്ഞപ്പോഴോ ഞങ്ങളെ രേഖാമൂലമോ മറ്റു തരത്തിലോ അറിയിച്ചിരുന്നില്ല. ഇപ്പോഴത്തെ അലൈൻമെൻറ് പാലത്തിലേക്ക് വരുമ്പോൾ വലിയ വളവാണ് ഉണ്ടാകുക. ഇത് അപകട സാധ്യത ഉണ്ടാക്കുന്നു.

15. ശ്രീ സന്ദീപ് (ഉടമകളായ സജിത, അനിത,അനൂപ്കുമാർ എന്നിവർക്ക് വേണ്ടി) ഇരിങ്ങൽ ഭാഗം

8.7 സെൻറ് സ്ഥലം നഷ്ടപ്പെടും. ഞങ്ങളുടെ സ്ഥലത്തുകൂടി റോഡ് പോകുന്നുണ്ടോ എന്നറിയണം

**16. ശ്രീ ബിനു (ഭൂവുടമ ) ഇരിങ്ങൽ ഭാഗം**

തീരദേശ റോഡിൻറെ നിർദിഷ്ട അലൈൻമെൻറ് അന്തിമമായി അംഗീകരിക്കുന്നതിന് മുൻപ്, മറ്റു ബദൽ സൗകര്യങ്ങളുടെ ലഭ്യത പഠിച്ചതിനു ശേഷം മാത്രമേ ഈ ഒരു തീരുമാനവുമായി മുന്നോട്ടുപോകാവു

**17. ശ്രീ പി.കെ.പ്രകാശൻ (ഭൂവുടമ ) ഇരിങ്ങൽ ഭാഗം**

പാലം പണി തുടങ്ങുന്നതിനു മുന്നേതന്നെ, ഇവിടുത്തെ ഹൈവേ സ്ഥലത്തിന് തുല്യമായ നഷ്ടപരിഹാരം അനുവദിക്കപ്പെട്ടാൽ മാത്രമേ സ്ഥലം വിട്ടുനൽകാൻ ഞാൻ തയാറാകു.

**18. ശ്രീ. സജിത്ത് (സാമൂഹ്യപ്രവർത്തകൻ)**

തീരദേശ ഹൈവേ പോകേണ്ടത് തീരപ്രദേശങ്ങളിലൂടെയാണ്. കൊളാവിപാലത്തുനിന്ന് കോട്ടക്കടപ്പുറം വഴി സാൻഡ്ബാങ്ക്സിലേക്ക് പാലം നിർമ്മിച്ചാൽ ജനസാന്ദ്രതയില്ലാത്ത സ്ഥലത്തുകൂടിയാവുകയും ഏറെ സാമ്പത്തികബാധ്യതയില്ലാതെ നടപ്പാക്കാവുന്നതുമാണ്. ഇത്തരത്തിലാണെങ്കിൽ കോട്ടക്കടപ്പുറം നിവാസികൾ അനുകൂലമാണ്. ഈ അഭിപ്രായം PWD, MP, MLA എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കൊളാവിപാലത്തിൽനിന്നും നേരെ സാൻഡ്ബാങ്ക്സിലേക്ക് എന്ന രീതിയിൽ രൂപരേഖ മാറ്റണം.



യോഗം 2.30 നു അവസാനിച്ചു

പ്രസ്തുത യോഗത്തിൽ ഭൂവുടമകളിൽ നിന്നും തൽപരകക്ഷികളിൽനിന്നും ഉയർന്നു വന്ന നിർദേശങ്ങൾ അർത്ഥനാധികാരിയായ ദേശിയ പാതവിഭാഗം എക്സി.എൻജിനീയർക്കു അയച്ചു കൊടുത്തിരുന്നു. അതിനുള്ള

അഭിപ്രായങ്ങൾ 22.01.2021 നു ഇമെയിൽ മുഖേന ലഭിക്കുകയും ചെയ്തു. ആയതു താഴെ കാണിച്ചിരിക്കുന്നു.

സ്ഥല ലഭ്യത, ഉപഗ്രഹ ചിത്രങ്ങൾ, മാപ്പുകൾ എന്നിവ പഠന വിധേയമാക്കി ഭൂമി ഏറ്റെടുക്കലിലെ സങ്കീർണ്ണത വളരെ കുറവ് വരുന്ന രീതിയിലാണ് നിലവിലെ അലൈൻമെന്റ് തെരഞ്ഞെടുത്തിട്ടുള്ളത്. വീടുകൾക്കും, വാണിജ്യ സ്ഥാപനങ്ങൾക്കും നിലവിലെ രീതിയിൽ കൂടുതൽ ആഘാതം ഉണ്ടാക്കുന്നില്ല. കൂടാതെ നിലവിലെ അലൈൻമെന്റ് കോഴിക്കോട് ജില്ലയിലെ ടൂറിസ്റ്റ് പ്രാധാന്യമുള്ള ഇടങ്ങളായ കുഞ്ഞാലി മരക്കാർ മ്യൂസിയം, സർഗ്ഗാലയ കരകൗശല കേന്ദ്രം, സാൻഡ് ബാങ്ക്സ് എന്നിവയെ ബന്ധിപ്പിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ദേശീയപാത 66 ലെ മൂരാട് പാലത്തിനു സമാന്തരമായി നിർമ്മിക്കുന്നതിനാൽ ഗതാഗത കുരുക്ക് ഒഴിവാക്കാനും സാധിക്കും.

നിലവിൽ ലഭ്യമായ മൂന്നു അലൈന്മെന്റുകൾ പഠന വിധേയമാക്കിയതിനു ശേഷമാണു ഇപ്പോഴത്തെ അലൈൻമെന്റ് തെരഞ്ഞെടുത്തത്.

1. കോട്ടക്കൽ കടവ് - സാൻഡ് ബാങ്ക്സ് വശത്തേക്ക് ഫിഷ് ലാൻഡിംഗ് സെന്ററിന് മുകളിലൂടെ

ഇപ്പോഴത്തെ അലൈന്മെന്റിൽ വലിയ വളവു ഒഴിവാക്കാൻ സാധിക്കാത്തതിനാലും, ഫിഷ് ലാൻഡിംഗ് സെന്ററിന്റെ പ്രവർത്തനത്തെ ബാധിക്കാൻ സാധ്യത ഉള്ളതുകൊണ്ടും തുടർന്ന് പരിഗണിച്ചില്ല

2. സാൻഡ് ബാങ്ക്സിൽനിന്നു കോട്ടക്കൽ കടവിലേക്ക് കൊളാവിപാലം ദിശയിൽ

പ്രത്യേക തരം ആമകളുടെ പ്രജനന സ്ഥലമായ ഇവിടം, പാരിസ്ഥിതികമായ വളരെ പ്രാധാന്യം അർഹിക്കുന്ന സ്ഥലമാണ്. കൂടാതെ വനം വകുപ്പിന്റെ കീഴിലുള്ള ആമ വളർത്തുകേന്ദ്രവും ഇവിടെ സ്ഥിതി ചെയ്യുന്നുണ്ട്. പരിസ്ഥിതിക്ക് കോട്ടം തട്ടും എന്നുള്ളതിനാൽ തുടർന്ന് പരിഗണിച്ചില്ല.

3. കോട്ടക്കൽ കടവിൽ നിന്ന് സാൻഡ് ബാങ്ക്സിലേക്ക്

നിലവിൽ അംഗീകരിച്ചിരിക്കുന്ന അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കൽ കുറവും, വീടുകളെയും, വാണിജ്യ സ്ഥാപനങ്ങളെയും കാര്യമായി ബാധിക്കാതെ കടന്നു പോകുന്നതുമാണ്. കൂടാതെ, ഒരു ഗ്രാമീണ റോഡും ഇതിലൂടെ കടന്നു പോകുന്നുണ്ട്.

**ആഘാതങ്ങൾ**

**തൊഴിലിനുണ്ടാകുന്ന ആഘാതം**

നേരത്തെ വ്യക്തമാക്കിയതുപോലെ, വടകര താലൂക്കിലെ, വടകര വില്ലേജിൽപെട്ട, അഞ്ചു സർവേനമ്പറുകളിലായി കിടക്കുന്ന ഭൂമി, എട്ട്

വ്യക്തികളുടെ ഉടമസ്ഥതയിലാണ്. അല്പം ഭൂമി സർക്കാർ ഉടമസ്ഥതയിലും. തുണ്ടുതുണ്ടായി കിടക്കുന്ന ഭൂമിയിൽ, ഒറ്റപ്പെട്ട തെങ്ങുകൾ മാത്രമാണ് ഉള്ളത്. അതുകൊണ്ടുതന്നെ, ഇതിനെ ആശ്രയിച്ച ആരും തന്നെ ജോലി ചെയ്യുന്നില്ല.

അതുപോലെതന്നെ, കൊയിലാണ്ടി താലൂക്കിലെ ഇരിങ്ങൽ വില്ലേജിലെ കോട്ടക്കൽ ഭാഗത്ത് 24 സർവേനമ്പറുകളിലായി 31 പേരുടെ കൈവശമായി തുണ്ടായിക്കിടക്കുന്ന ഭൂമിയാണ്. ഈ ഭൂമിയിലും പലയിടത്തായി ചെറിയതോതിലുള്ള അനുഭവങ്ങളാണ് ഉള്ളത്. ഇവയെ മാത്രം ആശ്രയിച്ച ആരും തന്നെ തൊഴിലിൽ ഏർപ്പെട്ടിട്ടില്ല.



ഈ പുഴയെ ആശ്രയിച്ചു മണൽ വാരൽ തൊഴിലാളികൾ ഉണ്ടെങ്കിലും, ഇവരുടെ തൊഴിലിനെ ഈ ഭൂമി ഏറ്റെടുക്കൽ നേരിട്ട് ബാധിക്കുന്നില്ല. മുൻപുണ്ടായിരുന്ന മണൽ വാരൽ തൊഴിലാളി സഹസംഘങ്ങൾ സജീവമല്ല. ഈ മേഖലയിൽ ഉണ്ടായിരുന്ന തൊഴിലാളികൾ മറ്റു മേഖലകൾ അന്വേഷിച്ചു പോകുന്നതായി അറിയാൻ കഴിഞ്ഞു. അതിനാൽ തന്നെ, ഈ ഭൂമി ഏറ്റെടുക്കുന്നത് കൊണ്ട് ആരുടേയും തൊഴിലിന് ആഘാതമൊന്നും ഉണ്ടാകുന്നില്ല.

## വരുമാനത്തിനുള്ള ആഘാതം

**വടകര സാൻഡ്ബാങ്ക്സിന്റെ** സമീപത്തായിട്ടുള്ള ഗ്രാസിം ഇൻഡസ്ട്രീസിന്റെ ഉടമസ്ഥതയിലുള്ള പറമ്പിൽ (182/4) ആകെയുള്ളത് 17 തെങ്ങുകളാണ്. ഇവയിൽനിന്നുള്ള വരുമാനം ഈ കമ്പനിയെ ഒരു തരത്തിലും ബാധിക്കുന്നില്ല. 182/1,2,3 എന്നീ സർവേ നമ്പർ സ്ഥലത്ത് അനൂപിന്റേതായി 4 തെങ്ങുകളുണ്ട്. കൂടാതെ റഹീമിന്റേതായി രണ്ടു തെങ്ങും, പ്രഭാകരന്റേതായി രണ്ടു തെങ്ങുകളും ഉണ്ട്. ഈ തെങ്ങിൽ നിന്നുള്ള വരുമാനം സാരമായി ബാധിക്കുന്നതല്ല.അതുപോലെതന്നെ 181/2B യിലായിട്ടുള്ളത് പ്രവർത്തിക്കാത്ത ഒരു ഐസ്പ്ലാന്റാണ്. ഇതും വരുമാനത്തെ സ്വാധീനിക്കുന്നില്ല.

**ഇരിങ്ങൽ കോട്ടക്കൽ ഭാഗത്ത്**, മുന്നേ സൂചിപ്പിച്ചതുപോലെ 31 പേരുടെ കൈവശമാണ് ഭൂമിയുള്ളത്. ഇതിൽ വരപ്പുറത്ത് നസീമയുടെ സ്ഥലത്ത് 9

വലിയ തെങ്ങുകളും, കടവത്ത് താഴെ വിശ്വനാഥൻ എന്ന രാംദാസിന്റെ പറമ്പിൽ 10 വലിയ തെങ്ങുകളും, ചെറിയ ഗോപാലൻ (ചോയി മകൻ) എന്നവരുടെ പറമ്പിൽ 21 വലിയ തെങ്ങുകളും, കടവത്തു കാട്ടിൽ ചോയി മകൻ ചന്ദ്രന്റെ സ്ഥലത്ത് 25 തെങ്ങുകളും, വടകരക്കാരൻ കുഞ്ഞിക്കണാരൻ മകൻ ബാബുവിന്റെ സ്ഥലത്ത് 40 ഓളം തെങ്ങുകളും, ലക്ഷ്മി മകൾ സുശീലയുടെ പറമ്പിൽ 15 തെങ്ങുകളുമാണ് ഉള്ളത്. 31 പേരിൽ അല്പമെങ്കിലും വരുമാനത്തിന് ആഘാതമുണ്ടാകുക ഈ ആറു പേർക്ക് മാത്രമാണ്. ബാക്കിയുള്ള 26 പേരുടെ പറമ്പിൽ 2 മുതൽ 7. വരെ തെങ്ങുകൾ മാത്രമാണ് ഉള്ളത്. ഇവയിൽ നിന്ന് കാര്യമായ വരുമാനം ഒന്നും ലഭിക്കുന്നില്ല. പൊതുവെ നോക്കുകയാണെങ്കിൽ, ഈ സ്ഥലമെടുപ്പ് വരുമാനത്തെ സാരമായി ബാധിക്കുന്നില്ല എന്ന് മനസിലാക്കാം.

## പാരിസ്ഥിതിക ആഘാതം.

വടകര വില്ലേജിലെ, തീരദേശ റോഡിനും സാൻഡ് ബാങ്ക്സിനും സമീപത്തായി, പുഴയോട് ചേർന്ന് കിടക്കുന്ന സ്ഥലമാണെങ്കിലും ഇത് തോട്ടം വിഭാഗത്തിൽ പെടുന്ന ഭൂമിയാണ്.

അതേപോലെതന്നെ ഇരിങ്ങൽ വില്ലേജിൽ കോട്ടക്കൽ ഭാഗത്തുള്ള സ്ഥലം പുഴയോര ഭിത്തിക്കും ജനവാസകേന്ദ്രത്തിനും ഇടയപ്പെടുന്ന സ്ഥലമാണ്. ഈ പ്രദേശത്ത് ചതുപ്പോ, മറ്റു പാരിസ്ഥിതികമായ പ്രാധാന്യമുള്ള സ്ഥലങ്ങളോ ഒന്നും തന്നെയില്ല. കൊളാവി കടപ്പുറത്തുള്ള ആമ വളർത്തൽ കേന്ദ്രത്തിനെ ഈ സ്ഥലമെടുപ്പ് ഒരു തരത്തിലും ബാധിക്കുന്നില്ല. അതിനാൽത്തന്നെ ഈ സ്ഥലമെടുപ്പ് പരിസ്ഥിതികമായും യാതൊരു തരത്തിലുള്ള ആഘാതവും ഉണ്ടാക്കുന്നില്ല.

## പൊതു ഇടങ്ങൾക്കുള്ള ആഘാതം

സ്ഥലം ഏറ്റെടുക്കുന്നതുമൂലം അല്പം പ്രയാസമുണ്ടാകുന്ന രണ്ടു പൊതു ഇടങ്ങളാണുള്ളത്. ഒന്ന് വടകര തീരദേശ പോലീസ് സ്റ്റേഷൻ. സ്റ്റേഷൻ മതിലിനും ഏകദേശം 1 മീറ്റർ <u>ഉള്ളിലോട്ടുള്ള</u> സ്ഥലമാണ് മാർക്ക് ചെയ്തിരിക്കുന്നത്. അതുപോലെതന്നെ സാൻഡ് ബാങ്കിന്റെ മുന്നിലെ ഗേറ്റിന്റെ കിഴക്കു - തെക്കു ഭാഗത്തായി 1/700 എന്ന് അടയാളപ്പെടുത്തിയിട്ടുള്ള അല്പസ്ഥലവും ഏറ്റെടുക്കപ്പെടേണ്ടതായിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ വൈദ്യുതി ബോർഡിൻറെ VB/VP/161 നമ്പറായ 100KVA ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിക്കേണ്ടതായിവരും. ഇതൊന്നും തന്നെ പൊതുഇടങ്ങൾക്കുള്ള സാരമായ ആഘാതത്തിൽപെടുത്തേണ്ടതില്ല.

ഈ സാഹചര്യത്തിൽ, ഓരോവർഷവും 7% എന്ന തോതിൽ വാഹനസാന്ദ്രത കൂടി, കടുത്ത ഗതാഗത കുരുക്കിനുള്ള സാധ്യത ഒഴിവാക്കി, തീരദേശഹൈവേ നിർമ്മിച്ചു, വിനോദയാത്രക്കാരെക്കൂടി ആകർഷിക്കാനായി രൂപകൽപന ചെയ്ത തീരദേശ റോഡിനായി കുഞ്ഞാലിമരക്കാർ പാലത്തിനു സമീപന റോഡ് നിർമ്മിക്കാനായി സ്ഥലം ഏറ്റെടുക്കുന്നത് കൊണ്ട് ആരുടെയെങ്കിലും തൊഴിലിനോ, സാരമായ തോതിൽ വരുമാനത്തിനോ, പൊതുഇടങ്ങൾക്കോ പരിസ്ഥിതിക്കോ ആഘാതമുണ്ടാകുന്നില്ല എന്നറിയിക്കുന്നു. ഇരിങ്ങൽ ഭാഗത്ത് രണ്ടു വീടുകളെ ഒഴിവാക്കുന്നരീതിയിൽ സ്ഥലം ഏറ്റെടുക്കുകയാണെങ്കിൽ ഒരു പ്രയാസവുമില്ലാതെ പദ്ധതിയുമായി മുന്നോട്ട് പോകാവുന്നതാണ്.

**23.01.2021**

**ചെയർമാൻ**
**സാമൂഹ്യാഘാത പഠനയൂണിറ്റ്**
**(കയ്റോസ്, കണ്ണൂർ )**